പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) എത്ര പ്രാവശ്യമെന്ന കൃത്യമായി നിശ്ചയിച്ചിട്ടില്ല. സാധാരണഗതിയിൽ രണ്ട് പരീക്ഷവരെ നടത്താറുണ്ട്,

(സി) ഒരു വർഷം.

(ഡി) ഡിസ്ട്രിക്റ്റ് ഹാസ്പിറ്റൽ, തിരുവനന്തപുരം; ജനറൽ ഹാസ്പിറ്റൽ, എറണാകുളം; ഡിസ്ട്രിക്റ്റ് ഹാസ്പിറ്റൽ, പാലക്കാട്; മെഡിക്കൽകോളേജ് ഹാസ്പിറ്റൽ, കോഴിക്കോട് എന്നിവിടങ്ങളിൽ ഈ കോഴ്സ് നടത്തുന്നുണ്ട്.

(ഈ) തോറ്റ വിദ്യാർത്ഥികൾ അടുത്ത പരീക്ഷയ്ക്ക് എഴുതുന്നതിനുമുമ്പു മൂന്നു മാസത്തെ ടെയിനിംഗ് കൂടി കഴിഞ്ഞിരിക്കേണ്ടതാണെന്നു് വ്യവസ്ഥയുണ്ട്. ഈ കാലത്തു് അവരിൽനിന്നും എക്സാമിനേഷൻ ഫീസല്ലാതെ മറ്റൊരു ഫീസും വസൂൽ ചെയ്യുന്നില്ല. എന്നാൽ സർക്കാരിൽ പ്രത്യേക സാമ്പത്തിക ബാദ്ധ്യതകളും ഒന്നും ഉണ്ടാകാതിരിക്കുന്നതിനായി തോറ്റ വിദ്യാർത്ഥികൾക്കു് അടുത്ത റഗുലർ ബാച്ചിലുള്ള വിദ്യാർത്ഥികളോടൊന്നിച്ചു് മൂന്നു മാസത്തെ ടെയിനിംഗ് കൊടുക്കുകയാണു പതിവു്. ഇത്തവണ റഗുലർ കോഴ്സിനുള്ള ടെയിനികളെ ഇപ്പോൾ മാത്രമേ തിരഞ്ഞെടുത്തു കഴിഞ്ഞിട്ടുള്ളൂ അതുകൊണ്ടു് മാത്രമാണു് തോറ്റ വിദ്യാർത്ഥികൾക്കു് പരീക്ഷ നടത്തുവാൻ താമസം ഉണ്ടായതു്.

(എഫ്) പരീക്ഷയ്ക്കു മുമ്പു നടക്കേണ്ടതായ മൂന്നു മാസത്തെ ടെയിനിംഗിനു് 18-11-1963-ൽ തോറ്റ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടു്. അടുത്ത വർഷം ഫെബ്രുവരി രണ്ടാം വാരത്തിൽ ഇവർക്കു വീണ്ടും പരീക്ഷ നടത്തുന്നതാണു്.

ശ്രീ. സി. എം. കുട്ടി : പരീക്ഷ പാസ്സായിട്ടുള്ള കുട്ടികൾക്കു് എത്ര കാലത്തെ നിർബന്ധിത പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എം പി. ഗോവിന്ദൻ നായർ : ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ആറുമാസമാണെന്നാണു് എന്റെ ഓർമ്മ.

കമ്മാള വിദ്യാർത്ഥികൾക്കു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള ആനുകൂല്യം.

* 898. [43] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മാളസമുദായത്തിൽപ്പെടുന്നവർ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ ആ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുമുള്ള യാതൊരു ആനുകൂല്യത്തിനും അർഹതയില്ല എന്നു കാണിച്ചു് കൊല്ലം ഡിസ്ട്രിക്റ്റ് ഹരിജൻ വെൽഫെയർ ആഫീസർ കൊല്ലം എസ്. എൻ. കോളേജ് പ്രിൻസിപ്പാളിനു് എഴുതിയതിന്റെ ഫലമായി ആ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കമ്മാളവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് കൊടുക്കണമെന്നു് കോളേജ് അധികാരികൾ ആവശ്യപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഫീസുകൊടുക്കാതെ നിവൃത്തിയില്ലാത്ത ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹാജർ ഈ മാസം 1-ാംനു- മുതൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശ്വകർമ്മാള വിഭാഗത്തിൽപ്പെട്ടവർ പിന്നാക്കസമുദായ ലിസ്റ്റിൽ പെടുന്നില്ലേ ;

(ഡി) വിശ്വകർമ്മാളരും, കർമ്മാളരും ഒന്നായിരിക്കേ വിശ്വകർമ്മാളർക്കുമാത്രം ആനുകൂല്യം അനുവദിക്കുകയും, കർമ്മാളർക്ക് ആനുകൂല്യം അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ് ;

(ഇ) വിശ്വകർമ്മാളരും, കർമ്മാളരും ഒരേ വിഭാഗത്തിൽപ്പെട്ടവരാകയാൽ കർമ്മാളരെക്കൂടി പിന്നാക്കസമുദായത്തിൽപ്പെടുത്തി അവർക്കുകൂടി ആനുകൂല്യം അനുവദിക്കാൻ അടിയന്തിര നടപടി എടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ഉണ്ട്.

(ഡി) തിരുവിതാംകൂർ-കൊച്ചി ഭാഗത്തുള്ള കർമ്മാളർ വിദ്യാഭ്യാസ സൗജന്യം ലഭിക്കുന്നതിനുള്ള മറ്റു പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടാത്തതുകൊണ്ട് അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

(ഇ) ഇതു് ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കർമ്മാളർ സമുദായത്തിൽപെട്ടവർക്ക് 1963 വരെ വിദ്യാഭ്യാസ സൗജന്യം കൊടുത്തിരുന്നു. ഇപ്പോൾ അതു് നിർത്തലാക്കിയിരിക്കുകയാണ്. അങ്ങനെ മുമ്പു വിദ്യാഭ്യാസസൗജന്യം കൊടുത്തുകൊണ്ടിരുന്നതു് എന്തടിസ്ഥാനത്തിലായിരുന്നുവെന്നു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ കൊടുത്തുവന്നിരുന്നതിന്റെ കാരണം കർമ്മാളർ സമുദായത്തിൽപ്പെട്ടവർ അപേക്ഷകരും അയച്ചിരുന്നതിൽ വിശ്വകർമ്മാളർ എന്നുവെച്ചായിരുന്നു. അതനുസരിച്ചാണ് അവർക്ക് ഫീസു ംസൗജന്യം നൽകിയിരുന്നതു്. ശ്രീനാരായണ കോളേജിൽ ആദ്യം ഇതു സംബന്ധിച്ചു് കുറച്ചു വിദ്യാർത്ഥികൾക്കു് വിഷമതകളും ഉണ്ടായെങ്കിലും ആ വിദ്യാർത്ഥികളെ വീണ്ടും 8-11-1963-മുതൽ അഡ്മിറ്റു ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഒരു സമുദായത്തിൽ പെട്ടവർക്കുതന്നെ തിരുവിതാംകൂർ-കൊച്ചി ഭാഗത്തു് പ്രത്യേകമായ പരിഗണനയും മറ്റു ചില ഭാഗങ്ങളിൽ ആ പരിഗണന ഇല്ലാതിരിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി പെരുംകൊല്ലസമുദായത്തിൽപ്പെട്ടവർക്കു് ഇവിടെ വിദ്യാഭ്യാസ സൗജന്യം ലഭിക്കുന്നുണ്ട്. അതേസമയം കണ്ണൂരിൽ അവർ വിദ്യാഭ്യാസ സൗജന്യം ലഭിക്കുന്നേ ലിസ്റ്റിൽപ്പെട്ടുന്നില്ല. ഇങ്ങനെ വ്യത്യാസമായി വരാനുള്ള കാരണം എന്താണെന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പെരുങ്കൊല്ല സമുദായത്തിനു തിരുവിതാംകൂർ-കൊച്ചിയിലും സൗജന്യം നൽകുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ചില സ്ഥലങ്ങളിൽ വിശ്വകർമ്മാളർ എന്നും അവരെതന്നെ മറ്റു ചില സ്ഥലങ്ങളിൽ കർമ്മാളരെന്നുമാണ് പറയുന്നതു്. ഇതു് രണ്ടും ഒരേ വിഭാഗക്കാരാണെന്നുള്ള വസ്തുത പരിഗണിച്ചു് രണ്ടു കൂട്ടർക്കും ഒരേവിധത്തിലുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉത്തരവു ഗവണ്മെൻറിൽ നിന്നും പുറപ്പെടുവിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : സ്റ്റേറ്റു് റീആർഗനൈസേഷൻ സമയത്തും അതിനു മുമ്പും ഈ കർമ്മാളർവർഗ്ഗത്തിൽപ്പെട്ടവരുടെ പേരു് വിദ്യാഭ്യാസസൗജന്യം ചെയ്തുകൊടുക്കുന്ന ലിസ്റ്റിൽപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ മലബാർ പ്രദേശത്തുള്ള കർമ്മാളർ അതിൽപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ സ്റ്റേറ്റു് ഗവണ്മെൻറു് കൊടുക്കുന്ന ഉദ്യോഗത്തിലും വിദ്യാഭ്യാസ സൗജന്യത്തിലും കർമ്മാളർ വർഗ്ഗത്തിലുള്ളവർ പെട്ടിട്ടില്ല. അവരെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻ ഗനി : ചെരുപ്പുകുത്തു ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പെരുംകൊല്ലസമുദായത്തിലുള്ളവർക്കു് യാതൊരു വിധത്തിലുള്ള സൗജന്യങ്ങളും ലഭിക്കുന്നില്ലെന്നു കാണിച്ചു് അവരിൽനിന്നും പല നിവേദനങ്ങളും കിട്ടികൊണ്ടിരിക്കുകയാണു്. ഇങ്ങനെ ഒരേ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഒരു കൂട്ടർക്കു് സൗജന്യം ലഭിക്കുകയും മറ്റു കൂട്ടർക്കു് സൗജന്യം ലഭിക്കാതിരിക്കുകയും ചെയ്യുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : പെരുംകൊല്ല സമുദായത്തിൽപ്പെട്ടവരെ ഷെഡ്യൂൾ കാസ്റ്റിന്റെ ലിസ്റ്റിൽപ്പെടുത്തിയിട്ടില്ല. മലബാറിൽ ചെരുപ്പുകുത്തികളെ ചക്കിയർ അനുജ്ഞീയർ എന്നാണു് പറയുന്നതു്.

ശ്രീ. ഒ. കോരൻ : ബാക്കു് വേഡു് കമ്മ്യൂണിറ്റിയിൽത്തന്നെ ഒരു വിഭാഗത്തിൽപ്പെട്ടവർക്കു് പല തരത്തിലുള്ള ആനുകൂല്യങ്ങളാണു് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങനെ പരാതിരിക്കുന്നതിനും എല്ലാവർക്കും ഒരേരീതിയിലുള്ള ആനുകൂല്യം കിട്ടുന്നതിനും വേണ്ടി മദ്രാസു് ഗവണ്മെൻറു് ബാക്കു് വേഡെന്നും മോസ്റ്റു ബാക്കു് വേഡെന്നും രണ്ടു തരത്തിൽ തിരിച്ചുള്ള ലിസ്റ്റു തയാറാക്കിയിട്ടു് അതനുസരിച്ചുള്ള ആനുകൂല്യങ്ങളാണു് നൽകുന്നതു്. അത്തരത്തിലുള്ള ഒരു സംമ്പ്രദായം ഇവിടെയും സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു ; ഇക്കാര്യം പരിശോധിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : കണ്ണൂർ ജില്ലയിൽ ചെരുപ്പുകുത്തു് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പെരുംകൊല്ലസമുദായത്തിനു് യാതൊരു വിധത്തിലുള്ള ആനുകൂല്യവും ലഭിക്കുന്നില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാമോ ? അത്തരം സമുദായക്കാർ ചെരുപ്പുകുത്തു് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ഒരു അന്വേഷണം നടത്തി അതിന്റെ സത്യാവസ്ഥയെപ്പറ്റി വെളിപ്പെടുത്താൻ തയാറാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ബഹുമാനപ്പെട്ട മെമ്പറിൽ നിന്നുതന്നെ പെരുംകൊല്ലസമുദായത്തെക്കുറിച്ചുള്ള പല നിവേദനങ്ങളും ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ജില്ലാകളക്ടറുമായി അന്വേഷണം നടത്തികൊണ്ടിരിക്കുകയാണു്. ഒരു ജോലിയുടെ മാനദണ്ഡം നോക്കിയുതനങ്ങളായി കണക്കാക്കി സൗജന്യം നൽകാൻ നിവ്വാഹമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പട്ടികജാതി പട്ടികവർഗ്ഗക്കാരുടേയും മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ടവരുടേയും ലിസ്റ്റിൽ ഒരു അമാൽഗമേഷൻ തന്നെ വേണമെന്നു് ഇവാല്യൂവേഷൻ കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നു. അതിനെ സംബന്ധിച്ചു് എന്തെങ്കിലും നടപടികളും ഗവണ്മെൻറിൽ നിന്നും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെപ്പറ്റി ഇപ്പോൾ വ്യക്തമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ഇക്കാര്യത്തെപ്പറ്റി പരിശോധിക്കാവുന്നതാണു്. മലബാർ ഭാഗത്തുള്ള മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ടവർ തിരുവിതാംകൂർ-കൊച്ചി ഭാഗത്തുള്ള മറ്റു പിന്നോക്കസമുദായങ്ങളുടെ ലിസ്റ്റിൽ പെടുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ചില സമുദായക്കാർ നിർഭാഗ്യവശാൽ മുന്നോക്കസമുദായത്തിൽപ്പെട്ടിരിക്കുകയാണു്. അതായതു് സിറിയാനി ക്രിസ്ത്യാനികളും വളരെ കഷ്ടത അനുഭവിക്കുന്ന ഒരു വിഭാഗമാണു്. അങ്ങനെയുള്ള സമുദായക്കാരെ പിന്നാക്കസമുദായത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അവരെയെല്ലാം ഹരിജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണമെന്നാണോ പറയുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : നായർ സമുദായത്തിന്റെ കൂട്ടത്തിൽ ചക്കാല നായന്മാർ എന്നൊരു വിഭാഗമുണ്ട്. അവർ ഏറ്റവും അവശതകളും അനുഭവിക്കുന്ന ഒരു ജനവിഭാഗമാണ്. അവരെക്കൂടി പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വേണ്ട സൗജന്യങ്ങളും ചെയ്തുകൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ചക്കാല എന്ന സമുദായത്തെ ഇപ്പോഴത്തന്നെ പിന്നാക്കസമുദായത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : എന്നാൽ അവർക്ക് ഇതുവരെയായിട്ടും യാതൊരുവിധത്തിലുള്ള ആനുകൂല്യവും കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലാ വിഭാഗക്കാരേയും പിന്നാക്കസമുദായത്തിൽപ്പെടുത്തിയാൽ പിന്നെ മുന്നാക്കസമുദായത്തിൽ ആളുകൾ വേണ്ടേ ?

ശ്രീ. കൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : കള്ളറിപ്പയറ്റ് പഠിപ്പിക്കുന്ന ഒരു വിഭാഗമുണ്ട്. അവരിൽ പകുതിപ്പേർ ചാവക്കാട്ടും പകുതിപ്പേർ തൃശ്ശൂരുമാണ് ഉള്ളത്. അവരെ പിന്നാക്കസമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ തൃശ്ശൂരുള്ളവർക്ക്.അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ചാവക്കാട്ടുള്ളവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. അങ്ങനെ വരാതെ അത് ഏകീകരിച്ച് എല്ലാ ഭാഗത്തുമുള്ളവർക്കും സൗജന്യം ചെയ്തുകൊടുക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെപ്പറ്റി പരിശോധിക്കാം.

വെൽഫെയർ ടെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റ്.

* 899. [44] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഇപ്പോൾ എത്ര വെൽഫെയർ ടെയിനിംഗ് സെന്ററുകളുണ്ട് ;

(ബി) ഈ ടെയിനിംഗ് കോഴ്സിന്റെ കാലാവധി എത്ര വർഷമാണ് ;

(സി) ഈ ടെയിനിംഗ് പാസ്സാകുന്നവർക്ക് വല്ല സർട്ടിഫിക്കറോ മറോ നൽകുന്നുണ്ടോ ;

(ഡി) 31–12–1962-ന് ടെയിനിംഗ് പൂർത്തിയായ ചിലരെ ഇന്നേവരെ അവരുടെ പരീക്ഷാഫലം അറിയിക്കുകയോ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ലെന്നവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 100.

(ബി) രണ്ട് വർഷം.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly